കേരള പൊതു വില്പന നികുതി നിയമത്തിലെ നിർദ്ദേശങ്ങളിൽ വരുത്തിയ ഭേദഗതികൾ, 1959 -ലെ കേരള മുദ്രപ്പത്ര നിയമത്തിലെ നികുതി നിർദ്ദേശങ്ങളിൽ വരുത്തിയ ഭേദഗതികൾ, കേരള മോട്ടോർ വാഹന നിയമം 1976-ലെ നികുതി നിർദ്ദേശങ്ങളിൽ വരുത്തിയ ഭേദഗതികൾ എന്നിവയാണ് ഓർഡിനൻസിലൂടെ പരിഷ്കരിക്കപ്പെട്ട പ്രധാന നികുതി നിർദ്ദേശങ്ങൾ.

സാമൂഹ്യ സുരക്ഷാ സെസ്സ്

202 (542) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13-ലെ ബഡ്ജറ്റിൽ, വിദേശമദ്യത്തിന്റെ നികുതിയിൽ സാമൂഹ്യസുരക്ഷാ സെസ്സ് എത്ര ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ടായിരുന്നു ; ഇത് വഴി സമാഹരിക്കുന്ന തുക ഏത് ആവശ്യത്തിലേക്ക് മാത്രം വിനിയോഗിക്കണമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത് ;

(ബി) സാമൂഹ്യസുരക്ഷാ സെസ് ഇനത്തിൽ വിദേശമദ്യത്തിന്മേലുള്ള നികുതിയിനത്തിൽ 2012-13, 2013-14, 2014-15, വർഷങ്ങളിൽ ലഭിച്ച മൊത്തം വരുമാനം എത്ര കോടിയാണ് ;

(സി) വിദേശമദ്യത്തിന്റെ മെഡിക്കൽ സെസ്സ് ഇനത്തിൽ ആയത് പ്രാവർത്തികമാക്കിയതിനുശേഷം ഇതിനകം പിരിച്ചെടുത്ത മൊത്തം തുക എത്ര കോടിയാണ് ; ഇതിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് എത്ര കോടി കൈമാറിയെന്നറിയിക്കുമോ ?

ഉത്തരം

(എ) 2011-12 സാമ്പത്തിക വർഷത്തിൽ 6% ആയിരുന്ന സാമൂഹ്യ സുരക്ഷാ സെസ്സ് 2012-13 സാമ്പത്തിക വർഷത്തിൽ 10% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുവഴി സമാഹരിക്കുന്ന തുക ജനങ്ങളുടെ പൊതുവായ സാമൂഹിക ക്ഷേമ പദ്ധതികൾക്ക് വേണ്ടിയാണ് വിനിയോഗിക്കുന്നത്.

(ബി) സാമൂഹ്യസുരക്ഷാ സെസ്സ് ഇനത്തിൽ വിദേശമദ്യത്തിന്മേലുള്ള നികുതിയിനത്തിൽ 2012-13 വർഷത്തിൽ 407.62 കോടി രൂപയും 2013-14 വർഷത്തിൽ 440.28 കോടി രൂപയും 2014 ഏപ്രിൽ മുതൽ ഒക്ടോബർ വരെ 282.28 കോടി രൂപയും സർക്കാർ ഖജനാവിൽ ലഭിച്ചിട്ടുണ്ട്.

584/16

LIBRARY ARCHIVES Kerala Legislative Assembly

(സി) വിദേശമദ്യത്തിന്റെ മെഡിക്കൽ സെസ്സ് ഇനത്തിൽ നാളിതുവരെ 98.25 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 30 കോടി രൂപയുടെ അധികധനാനുമതി അനുവദിച്ചു നൽകിയിട്ടുണ്ട്.

സർക്കാരിന്റെ ധനസ്ഥിതി

203 (543) ശ്രീ. എം. എ. ബേബി:

ശ്രീ. എ. കെ. ബാലൻ :

ശ്രീ. കെ. ദാസൻ :

ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ദേവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ ; സർക്കാരിന്റെ ധനസംബന്ധമായ സർക്കാരിന്റെ പ്രഖ്യാപനങ്ങളും യാഥാർത്ഥ്യങ്ങളും തമ്മിൽ പൊരുത്തക്കേടുകളുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; ധനസ്ഥിതി വിശദമാക്കാമോ ;

(ബി) നിലവിലെ യു.ഡി.എഫ് സർക്കാർ അധികാരമേറ്റശേഷമുള്ള ഓരോ വർഷവും ബഡ്ജറ്റുകളിൽ പ്രതീക്ഷിച്ച റവന്യൂ കമ്മിയും യഥാർത്ഥത്തിലുള്ള റവന്യൂ കമ്മിയും തമ്മിൽ താരതമ്യപ്പെടുത്തി വിശദമാക്കാമോ ; വർദ്ധിച്ച റവന്യൂ കമ്മിക്ക് കാരണം വെളിപ്പെടുത്താമോ ;

(സി) ധനവകുപ്പ് ഉദ്യോഗസ്ഥരുടെ ഏതെങ്കിലും മുന്നറിയിപ്പുകൾ അവഗണിച്ചത് ഇപ്പോഴത്തെ അവസ്ഥയ്ക്ക് കാരണമായിട്ടുണ്ടോ ; വിശദമാക്കാമോ ; റവന്യൂ വരുമാനത്തിന്റെ മുരടിപ്പിന്റെ കാരണങ്ങൾ വസ്തുനിഷ്ഠപരമായി പരിശോധിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) നിലവിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയില്ല. അക്കൗണ്ടന്റ് ജനറലിന്റെ 2014 സെപ്റ്റംബർ 30 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 26263.79 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 22001.66 കോടി രൂപയേക്കാൾ 19.37% കൂടുതലാണ്. ഇതേ കാലയളവിൽ

LIBRARY ARCHIVES Kerala Legislative Assembly